**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 287** | **29-01-2024 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സുഭിക്ഷ ഹോട്ടലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള സ്ഥലം ഇതുവരെയും ലഭ്യമാകാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ? | (ബി) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനായി അനുയോജ്യമായ കെട്ടിടം, നടത്തിപ്പ് ഏജൻസി എന്നിവ കണ്ടെത്തി ഇവരുമായി കരാറിൽ ഏർപ്പെട്ടശേഷം ഹോട്ടൽ പ്രവർത്തിക്കുന്നതിനുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുകയും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നടത്തിപ്പ് ചുമതലയുള്ള ഏജൻസിക്ക് രേഖാമൂലം കൈമാറേണ്ടതുമാണ്.<br><br>സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിലേക്കായി അനുയോജ്യമായ കെട്ടിടം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ വാടക രഹിതമായി ലഭ്യമാകാത്ത പക്ഷം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ ചുരുങ്ങിയത് മൂന്ന് വർഷമോ അതിലധികമോ കാലാവധി നിശ്ചയിച്ച് വാടകയ്ക്കെടുക്കുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ സുഭിക്ഷ കമ്മിറ്റിക്ക് അധികാരം ഉണ്ട്. തുടർന്ന് ഹോട്ടൽ ആരംഭിക്കുന്നതിലേക്കായി ആവശ്യമായ പ്രാരംഭ ചെലവ് കണക്കാക്കി വ്യക്തമായ പ്രൊപ്പോസൽ ജില്ലാ സപ്ലൈ ആഫീസറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹോട്ടൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ ചെലവ് ഇനത്തിൽ തുക അനുവദിച്ച് നൽകുകയും ചെയ്യുന്നു.<br><br>ഹോട്ടൽ ആരംഭിക്കുന്നതിന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ലൈസൻസ് എടുക്കേണ്ടതും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. ഈ |

| | | | |
|---|---|---|---|
| | | | മേഖലയിൽ പ്രവർത്തിച്ച പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സംഘടനകൾ എന്നിവരെ ഹോട്ടൽ നടത്തിപ്പിനായി പരിഗണിക്കാവുന്നതും ആയതിന് ജില്ലാ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം 200/- രൂപ മുദ്രപത്രത്തിൽ ജില്ലാ സപ്ലൈ ആഫീസറുമായി കരാർ ഒപ്പിടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ